ഇപ്പോൾ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ താഴെ പറയുന്നു:

(1) ടെക്നോളജി മിഷൻ പദ്ധതി:—37.697 കോടി രൂപ അടങ്കൽ തുകയായ ഈ പദ്ധതിപ്രകാരം 2002-03 മുതൽ 2006-07 വർഷം വരെയുള്ള കാലയളവിൽ 6,94,261 രോഗ ബാധിതമായ തെങ്ങുകൾ തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽനിന്നും വെട്ടിമാറ്റി പകരം 3,47,130 മുന്തിയ ഇനം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതും 73,524 ഹെക്ടർ സ്ഥലത്ത് നിലവിലുള്ള തെങ്ങുകൾക്ക് സംയോജിത വളപ്രയോഗ രീതികൾ അവലംബിക്കു ന്നതുമാണ്.

(2) നാളികേര വികസന ബോർഡിന്റെ പദ്ധതി:—2 ലക്ഷം രോഗബാധിതമായ തെങ്ങുകൾ 5 ജില്ലകളിൽനിന്നു നീക്കം ചെയ്യുന്നതും 1,000 ഹെക്ടറിൽ പ്രദർശന തോട്ടങ്ങൾ സംഘടിപ്പിക്കുന്നതും 50 ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുന്നതുമാണ്. ഇതിനായി 887.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(3) സംസ്ഥാനാവിഷ്കൃത നാളികേര വികസന പദ്ധതി:—ഈ പദ്ധതി പ്രകാരം തെങ്ങിൻതോട്ടങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനും, സംയോജിത വളപ്രയോഗം, ജൈവവള വിത്തുവിതരണം, രോഗബാധിതമായ തെങ്ങുകൾ മുറിച്ചു മാറ്റൽ എന്നിവയ്ക്കായി 1,050 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഇതിനു പുറമെ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം തുടങ്ങിയ രോഗമൂർച്ച അധികമുള്ള ജില്ലകളിൽ 59.14 ലക്ഷം തെങ്ങുകൾ വെട്ടിമാറ്റി 29.57 ലക്ഷം നല്ലയിനം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുന്നതിനും, ഈ തെങ്ങിൻ തൈകൾക്ക് 3 വർഷക്കാലം ശാസ്ത്രീയമായ പരിചരണം നൽകുന്നതിനുമായി 189.75 കോടി രൂപ അടങ്കൽ തുകയായി സമർപ്പിച്ചിട്ടുള്ള ഒരു ബൃഹത് പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ട്.

തെങ്ങു കയറ്റ യന്ത്രം വികസിപ്പിക്കാൻ നടപടി

49 [4793] ശ്രീ. റോഷി അഗസ്റ്റിൻ:
„ തോമസ് ചാഴികാടൻ:
„ കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങുകയറ്റ തൊഴിലാളികളുടെ കുറവുമൂലം കേര കർഷകർ നേരിടുന്ന ബുദ്ധിമുട്ട് തരണം ചെയ്യാൻ തെങ്ങു കയറ്റ യന്ത്രം വികസിപ്പിക്കാൻ സർക്കാർ ഉദ്ദേശി ക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ചു സാങ്കേതിക വിദഗ്ദ്ധരുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത യന്ത്രോപകരണം നിർമ്മിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത ഉപകരണത്തിന് നിർമ്മാണച്ചെലവ് എത്ര വരുമെന്ന് കണക്കാക്കി യിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്. കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ആർ. റ്റി. റ്റി. സെന്ററിലെ റിസർച്ച് എൻജിനീയറുടെ മേൽനോട്ടത്തിൽ നടത്തി വരുന്ന ഗവേഷണങ്ങളുടെ ഭാഗമായി വൈദ്യുതി ഉപയോഗിച്ചു പ്രവർത്തിപ്പിക്കാവുന്ന ഒരു യന്ത്രം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(ബി) ഔദ്യോഗിക ചർച്ച നടത്തിയിട്ടില്ല.

(സി, ഡി) യന്ത്രം ഇനിയും വികസിപ്പിച്ചു കഴിഞ്ഞിട്ടില്ല. അതിനുള്ള പ്രവർത്തനം നടന്നുവരുന്നതേയുള്ളൂ.

മരച്ചീനിയുടെ കയറ്റുമതി

50 [4795] ശ്രീ. വർക്കല കഹാർ:
„ ലൂഡി ലൂയിസ്:
ശ്രീമതി മേഴ്സി രവി:
„ രാധാരാഘവൻ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരച്ചീനി കൃഷിയുടെ തോത് കുറഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) ആഗോളതലത്തിൽ മരച്ചീനിക്ക് ആവശ്യം വർദ്ധിച്ചു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തുനിന്ന് മരച്ചീനിയോ മരച്ചീനി ഉൽപ്പന്നങ്ങളോ കയറ്റുമതി ചെയ്യുന്നുണ്ടോ;

(ഇ) മരച്ചീനിയുടെ കയറ്റുമതി സാധ്യത മുന്നിൽ കണ്ട് ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും അതിന്റെ കയറ്റുമതി പ്രോൽസാഹിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രധാന കാരണങ്ങൾ താഴെ പറയുന്നു:

(1) ജനങ്ങളുടെ ഭക്ഷണക്രമത്തിലുണ്ടായ മാറ്റംമൂലം മരച്ചീനിയുടെ ഉപയോഗം കുറയുകയും തൻമൂലം മരച്ചീനി കൃഷി ചെയ്യുന്നതിൽനിന്നും കൃഷിക്കാർ മറ്റു വിളകളിലേക്ക് ശ്രദ്ധ തിരിക്കുകയുണ്ടായി.

(2) റബ്ബർ കൃഷിയുടെ വിസ്തൃതി വ്യാപനം കൂടുതലും മരച്ചീനി കൃഷി ചെയ്തിരുന്ന സ്ഥലത്താണ് ഉണ്ടായിട്ടുള്ളത്.

(3) ജനബാഹുല്യം നിമിത്തം കൃഷിഭൂമിയുടെ ലഭ്യത കുറയുന്നതുമൂലം മരച്ചീനി കൃഷിയുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടുണ്ട്.

(4) മരച്ചീനിയുടെ ഉപഭോഗത്തിൽ വന്നിട്ടുള്ള കുറവും മരച്ചീനി ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള വ്യവസായങ്ങളുടെ അഭാവവും.

LIBRARY ARCHIVES Kerala Legislative Assembly